# മാതൃഭൂമി
# 24/1/2025
# page no - 3
# column no - 6

**ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്**

## നരുവാമൂട് ചിന്മയ വിദ്യാലയം തുടർച്ചയായി രണ്ടാം വർഷവും ചാമ്പ്യന്മാർ

തിരുവനന്തപുരം | ജില്ലാ ത്രോബോൾ അസ്സോസിയേഷൻ സംഘടിപ്പിച്ച തിരുവനന്തപുരം ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ നരുവാമൂട് ചിന്മയ വിദ്യാലയം ചാമ്പ്യന്മാരായി. ആൺകുട്ടികളുടെ വിഭാഗത്തിൽ ആറ്റുകാൽ ചിന്മയ വിദ്യാലയത്തെ പരാജയപ്പെടുത്തിയാണ് തുടർച്ചയായി രണ്ടാം തവണയും ചിന്മയ വിദ്യാലയ നരുവാമൂട് ജേതാക്കളായത്.

പെൺകുട്ടികളുടെ മത്സരത്തിൽ ചിന്മയ വിദ്യാലയ നരുവാമൂട് ആറ്റുകാൽ ചിൻസ് മിഡ്സിനെ പരാജയപ്പെടുത്തിയാണ് ജേതാക്കളായത്. മികച്ച കളിക്കാരായി ആൺകുട്ടികളുടെ വിഭാഗത്തിൽ ആറ്റുകാൽ ചിന്മയ വിദ്യാലയത്തിലെ അതുലും പെൺകുട്ടികളുടെ വിഭാഗത്തിൽ നരുവാമൂട് ചിന്മയ വിദ്യാലയത്തിലെ ആര്യ അരുണും തിരഞ്ഞെടുക്കപ്പെട്ടു.

പ്രിൻസിപ്പൽ ആർ എസ് ലളിതാംബിക വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.